പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-16)

## മുപ്പത്തിരണ്ടാമത് റിപ്പോർട്ട്

(2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-06)-യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2014-16)

**മുപ്പത്തിരണ്ടാമത് റിപ്പോർട്ട്**

(2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-06)-യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

[സമിതി (2004-06)-യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ]

706/2015.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 19 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2014-2016)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ശ്രീ. ജി. സുധാകരൻ

ശ്രീ. എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-16)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-06)-യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ജൂൺ 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂൺ 8.

# റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998 മുതൽ 2002 വരെയുള്ള സമാഹൃത റിപ്പോർട്ടുകളിലെ കോട്ടയം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) യുടെ 23-ാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾപ്പെടുത്തിയതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-06) യുടെ 23-ാമത് റിപ്പോർട്ട് 2006 മേയ് മാസം 5-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 31 ശിപാർശകൾ ഉണ്ടായിരുന്നു. ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച കുറിപ്പുകൾ 8-9-2008-ലും 10-11-2009-ലും ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും ചില ശിപാർശകളിന്മേലുള്ള സർക്കാർ/ലോക്കൽ ഫണ്ട് ഓഡിറ്റ് മറുപടി അംഗീകരിക്കുകയും മറ്റു ശിപാർശകളിന്മേൽ അധികവിവരം ആരായുകയും ചെയ്തു. സമിതി ആരാഞ്ഞ അധിക വിവരങ്ങൾക്ക് ലഭിച്ച മറുപടി 15-11-2011-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ചില ശിപാർശകളിന്മേൽ വീണ്ടും അധികവിവരം ആരായുകയും അവയ്ക്ക് സർക്കാരിൽ നിന്ന് മറുപടി ലഭിക്കുകയുമുണ്ടായി.

സമിതിയുടെ ശിപാർശയും ശിപാർശയിന്മേലുള്ള സർക്കാരിന്റെ മറുപടിയും തുടർന്ന് സമിതി ആവശ്യപ്പെട്ട അധികവിവരവും അവയുടെ മറുപടിയും ആയതിന്മേലുള്ള തുടർ ശിപാർശയും അദ്ധ്യായം I-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സർക്കാരിൽ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ചില ശിപാർശകളിന്മേൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്നും തീരുമാനിച്ചു. പ്രസ്തുത ശിപാർശകളും സർക്കാർ മറുപടിയും അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം I

## സമിതിയുടെ ശിപാർശയും ശിപാർശയിന്മേലുള്ള സർക്കാരിന്റെ മറുപടിയും തുടർന്ന് സമിതി ആവശ്യപ്പെട്ട അധികവിവരവും അവയുടെ മറുപടിയും ആയതിന്മേലുള്ള തുടർ ശിപാർശയും

### ശിപാർശ ഖണ്ഡിക നമ്പർ 4

1.1.1 പഞ്ചായത്തിനെ സംബന്ധിക്കുന്ന വിവിധ പദ്ധതികളോടനുബന്ധിച്ച പ്രവർത്തനങ്ങൾ, പൊതുമരാമത്ത് പണികൾ എന്നിവയുടെ ജോലിക്ക് കൂലി നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക പിൻവലിച്ചശേഷം, ജോലിക്കാരുടെ പേര്, കൈയൊപ്പ്, തുക കൊടുത്ത തീയതി, ചെലവ് നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന "നോമിനൽ മസ്റ്റർ റോൾ" വയ്ക്കാതെ ചെലവെഴുതിയത് നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണ്. അഞ്ച് പദ്ധതികളിലായി 61,513 രൂപയുടെ മസ്റ്റർ റോൾ കണ്ടെത്താനായില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനാ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ മരാമത്ത് പണികൾക്കായി

മസ്റ്റർ റോൾ സൂക്ഷിക്കാതെ ചെലവ് ചെയ്ത സാഹചര്യത്തിൽ മരാമത്ത് പണികൾക്കായി മസ്റ്റർ റോൾ സൂക്ഷിക്കാതെ ചെലവ് ചെയ്ത നടപടി ന്യായീകരിക്കത്തക്കതല്ലെന്നും ഇപ്രകാരം നടപടിക്രമങ്ങളിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.1.2 മസ്റ്റർ റോൾ തയ്യാറാക്കി സൂക്ഷിക്കാതെ തൊഴിലാളികൾക്ക് കൂലി നൽകിയതിനുത്തരവാദിയായ സെക്രട്ടറി ശ്രീ. അസീസ് റാവുത്തർ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. നഷ്ടത്തുക ഈടാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2-5-2008-ലെ എം3/8888/2007/(4) നമ്പർ കത്ത് പ്രകാരം കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

1.1.3 മസ്റ്റർ റോൾ തയ്യാറാക്കി സൂക്ഷിക്കാതെ തൊഴിലാളികൾക്ക് കൂലി നൽകിയതിനുത്തരവാദിയായ സെക്രട്ടറി ശ്രീ. അസീസ് റാവുത്തർ സേവനത്തിൽ നിന്നു വിരമിച്ചതിനാൽ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ടിയാളിൽ നിന്നും ആർ.ആർ. നടപടികളിലൂടെ തുക ഈടാക്കുന്നതിന് 7-5-2008-ൽ അപേക്ഷ നൽകിയെങ്കിലും ടി അപേക്ഷയിൽ പലിശ തുകയായ 1,22,953 രൂപ മാത്രമാണ് കാണിച്ചിരിക്കുന്നത്. ബി10/2008/21814/5 നമ്പർ കത്ത് തീയതി 1-7-2008 പ്രകാരം ഈ തുക ഈടാക്കുന്നതിന് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. ശ്രീ. അസീസ് റാവുത്തരിൽ നിന്നും മുതൽ തുക 61,513 രൂപ കൂടി ഉൾപ്പെടുത്തി 7-5-2008 വരെയുള്ള പലിശ സഹിതം (1,22,953) 1,84,466 രൂപയും ചെലവും ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് എം.3/888/07/04 തീയതി 22-7-2008 നമ്പരായി വീണ്ടും ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി തുക ഈടാക്കി വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

1.1.4 പ്രസ്തുത മറുപടികളിന്മേൽ സമിതി ചുവടെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി:

നോമിനൽ മസ്റ്റർ റോൾ തയ്യാറാക്കി സൂക്ഷിക്കാതെ തൊഴിലാളികൾക്ക് കൂലി നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെയുള്ള റവന്യൂ റിക്കവറി സ്വീകരിച്ചത് ഗവൺമെന്റാണോ പഞ്ചായത്താണോ എന്നതും റവന്യൂ റിക്കവറി നടപടി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1.1.5 ശ്രീ. അസീസ് റാവുത്തരിൽ നിന്നും ആർ. ആർ. നടപടിയിലൂടെ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചത് ഗ്രാമപഞ്ചായത്താണ്.

1.1.6 ശ്രീ. അസീസ് റാവുത്തരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിനെതിരെ ടിയാൻ 14-3-2011-ൽ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.സി. 6220/2011 നമ്പരായി കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ആയതിന് 26-5-2011-ൽ പഞ്ചായത്ത് വിശദമായ അഫിഡവിറ്റ് സമർപ്പിച്ചിട്ടുണ്ട്. കേസ് നടന്ന് വരികയാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട്

1.1.7 റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ. അസീസ് റാവുത്തർ, ബഹു. കേരളാ ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.സി. 6220/2011-ാം നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസ് നടത്തുന്നതിനായി അഡ്വ. സുനിൽ സിറിയകിനെ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ 17-4-2012-ലെ നിർദ്ദേശ പ്രകാരം ഈ കേസ് പുതിയതായി രൂപീകരിച്ച കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലേക്ക് മാറ്റിയിരിക്കുകയാണ് (17-4-2012-ലെ ബഹു. ഹൈക്കോടതിയുടെ ട്രാൻസ്ഫർ നോട്ടീസ് പേജ് 50, ക്രമനമ്പർ 441). ആയതിനാൽ കേസിന്റെ തുടർ നടപടികൾ നടന്നുവരികയാണ്.

തുടർ ശിപാർശ

**1.1.8 ഹൈക്കോടതിയിൽ നിലവിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും കോടതിവിധി പ്രകാരം നടപടി സ്വീകരിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

ശിപാർശ ഖണ്ഡിക നമ്പർ 23, 24, 27, 32, 33

1.2.1 23. കൃഷി വകുപ്പുവഴിയുള്ള 5 സ്കീമുകളിലായി 7 ലക്ഷം രൂപയുടെ അംഗീകാരം ഉണ്ടായിട്ടും 4,49,661 രൂപ മാത്രമാണ് ചെലവഴിച്ചത്. ബാക്കി തുകയിൽ 2.50 ലക്ഷം രൂപ പഞ്ചായത്ത് ആഫീസിൽ തിരിച്ചടയ്ക്കുന്നതിനായി കൃഷി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചത് സെക്രട്ടറി സ്വന്തം പേരിൽ ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ അനധികൃതമായി നിക്ഷേപിച്ചത് നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

1.2.2 24. വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളെ അവഗണിച്ചുകൊണ്ട് സെക്രട്ടറി നടത്തിയ സാമ്പത്തിക ഇടപാടുകൾ ഗുരുതരമായ ക്രമക്കേടുകളായി സമിതി വിലയിരുത്തുന്നു. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട മേലുദ്യോഗസ്ഥന്മാർ ആരും തന്നെ ഉത്തരവാദിത്വബോധത്തോടെ പ്രവർത്തിക്കുകയോ യഥാസമയം വകുപ്പുതല ശിക്ഷാനടപടി കൈക്കൊള്ളുകയോ ചെയ്തിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പഞ്ചായത്ത്ഫണ്ട് ദുരുപയോഗം ചെയ്ത മുൻ സെക്രട്ടറി ശ്രീ. പോൾ ജേക്കബിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും തിരിച്ചുപിടിക്കുന്നതിന് റവന്യൂ/പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ മേലുദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

1.2.3 27. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള പരമമായ അധികാരം ഗ്രാമസഭയിൽ മാത്രം നിക്ഷിപ്തമാണെന്നിരിക്കെ സ്വന്തം നിലയിൽ ഗുണഭോക്താക്കളെ കണ്ടെത്തി ധനസഹായം നൽകിയ നടപടി ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റിൽ മാറ്റം വരുത്തിയ നടപടി ക്രമവിരുദ്ധമാകയാൽ ഇപ്രകാരം പഞ്ചായത്ത് ഫണ്ട് ദുരുപയോഗം ചെയ്ത മുൻ സെക്രട്ടറി ശ്രീ. പോൾ ജേക്കബിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1.2.4 32. വ്യവസ്ഥാപിത മാർഗ്ഗങ്ങളെയും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകളെയും തൃണവൽക്കരിച്ചുകൊണ്ട് സെക്രട്ടറി നടത്തിയിട്ടുള്ള ക്രമവിരുദ്ധമായ നടപടിക്കെതിരെ ഉചിതമായ മേൽനടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1.2.5 33. പഞ്ചായത്ത് സെക്രട്ടറി ശ്രീ. പോൾ ജേക്കബിനെതിരെ നടപടി കൈക്കൊള്ളുന്നതിൽ യാതൊരു വിധത്തിലുള്ള വിട്ടുവീഴ്ചയും ചെയ്യരുതെന്നും റവന്യൂ റിക്കവറി നടപടിയോ പ്രോസിക്യൂഷൻ നടപടിയോ സ്വീകരിക്കണമെന്നും ഇതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നു തന്നെ മുൻകൈ എടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

1.2.6 ഓഡിറ്റ് പരാമർശങ്ങൾക്ക് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പോൾ ജേക്കബിന്റെ പേരിൽ തിട്ടപ്പെടുത്തിയ ബാദ്ധ്യതയിൽ 82,154 രൂപ ടിയാന്റെ ഗ്രാറ്റുവിറ്റി തുകയിൽ നിന്നും പിടിച്ചെടുത്ത് എരുമേലി ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് പെൻഷൻ അനുവദിക്കുന്ന അധികാരിയായ തൃശ്ശൂർ ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ക്രഡിറ്റ് ചെയ്തിരുന്നുവെങ്കിലും ശ്രീ. പോൾ ജേക്കബ് ലോകായുക്തയിൽ ഹർജി നൽകി ഗ്രാറ്റുവിറ്റി പൂർണ്ണമായി ലഭിക്കുന്നതിനുള്ള ഉത്തരവ് സമ്പാദിച്ചതിനാൽ ടി തുക ടിയാന് മടക്കി നൽകുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ ആകെ ബാദ്ധ്യതയായ 1,76,069 രൂപ ഈടാക്കുന്നതിനായി 25-5-2006-ൽ ശ്രീ. പോൾ ജേക്കബിന്റെ പേരിൽ എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആർ. ആർ. നോട്ടീസ് നൽകിയിരുന്നു. എന്നാൽ ശ്രീ. പോൾ ജേക്കബ് 11-9-2006-ൽ മരണമടഞ്ഞു. ആയതിനാൽ ബാദ്ധ്യത തുക ടിയാന്റെ അവകാശികളിൽ നിന്നും ആർ.ആർ. നടപടികളിലൂടെ ഈടാക്കാൻ കോട്ടയം ഡി.ഡി.പി.-യ്ക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും നിർദ്ദേശം നൽകി.

1.2.7 ടിയാനെതിരെ ഈ ഓഫീസിൽ നിന്നും സ്വീകരിച്ചുവന്ന അച്ചടക്കനടപടി ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ 28-1-2008-ലെ ഡി5 29162/2005 നമ്പർ ഉത്തരവ് പ്രകാരം അവസാനിപ്പിച്ചത് തീർപ്പാക്കിയിരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട്

1.2.8 ശ്രീ. പോൾ ജേക്കബിന്റെ 7-12-1990 മുതൽ 31-3-1992 വരെയുള്ള കാലയളവിലെയും 1-8-1997 മുതൽ 31-3-1998 വരെയുള്ള കാലയളവിലെയും ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ആകെ ബാദ്ധ്യത 1,76,069 രൂപയെന്ന് നിശ്ചയിച്ച് സർട്ടിഫിക്കറ്റ് നൽകിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം നിശ്ചയിച്ച തുകയിൽ സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള തുക 1,48,781 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പരാമർശങ്ങളുടെ അടിസ്ഥാനത്തിലുള്ള മറ്റ് തുകകൾ ഈടാക്കുന്നതിന് യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല. നിയമസഭാ സമിതിയുടെ കർശന നിർദ്ദേശം ഉണ്ടായതിനുശേഷവും ബാദ്ധ്യത സംബന്ധിച്ച ശരിയായ തിട്ടപ്പെടുത്തൽ നടത്തിയിട്ടില്ല. മേൽവിവരിച്ച 1,76,069 രൂപ അടയ്ക്കണമെന്നാവശ്യപ്പെട്ട് 25-2-2006-ൽ റവന്യൂ റിക്കവറി നോട്ടീസ് നൽകിയെങ്കിലും നടപടി പൂർത്തിയാകുന്നതിനു മുമ്പ് 11-9-2006-ൽ ശ്രീ. പോൾ ജേക്കബ് മരണപ്പെട്ടതിനെത്തുടർന്ന് പലിശയുൾപ്പെടെയുള്ള തുക 3,76,788 രൂപ ടിയാന്റെ ഭാര്യയിൽ നിന്നും ഈടാക്കി കിട്ടുന്നതിന് 1968-ലെ റവന്യൂ റിക്കവറി ആക്ട് പ്രകാരം നിർദ്ദിഷ്ട പ്രൊഫോമയിൽ ജില്ലാ കളക്ടർക്ക് റിക്കവറി ശിപാർശ നൽകിയിട്ടുണ്ട്. (3-5-2008-ലെ എ 1311/07 നമ്പർ കത്ത്) ആയതിന്മേൽ സ്വീകരിക്കപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ ലഭ്യമല്ല. നിയമസഭാ സമിതിയുടെ 23-ാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മേലുദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

1.2.9 പ്രസ്തുത മറുപടികളിന്മേൽ സമിതി താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി.

റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. പോൾ ജേക്കബിന്റെ അനന്തരാവകാശികൾ ഹൈക്കോടതിയിൽ നിന്നും നേടിയിട്ടുള്ള സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യുക. ശ്രീ. പോൾ ജേക്കബിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുക തിരിച്ച് പിടിക്കുന്നതിൽ അലംഭാവം കാണിച്ച ഉദ്യോഗസ്ഥനെതിരെ സമിതിയുടെ ശിപാർശ പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1.2.10 WP(C)33455/2008(G) നമ്പരായി ശ്രീ. പോൾ ജേക്കബിന്റെ ഭാര്യ ശ്രീമതി മോളിപോൾ ഫയൽ ചെയ്ത കേസിൽ 17-8-2010-ലെ ഉത്തരവ് പ്രകാരമുള്ള സ്റ്റേ നിലനിൽക്കുന്നതിനാൽ റവന്യൂ റിക്കവറി നടപടികൾ നിർത്തിവച്ചിരിക്കയാണ്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ എം3-35448/2008 നമ്പർ ഫയൽ പ്രകാരം പ്രസ്തുത സ്റ്റേ നീക്കി കിട്ടുന്നതിന് ബഹു. ഹൈക്കോടതിയിൽ 17-4-2012-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഒന്നാം കക്ഷിയായ സർക്കാരിനും 2-ാം കക്ഷിയായ പഞ്ചായത്ത് ഡയറക്ടർക്കും വേണ്ടി എതിർ സത്യവാങ്മൂലവും ഫയൽ ചെയ്തിട്ടുണ്ട്. ശ്രീ. പോൾ ജേക്കബിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട തുക റവന്യൂ റിക്കവറി നടപടികളിലൂടെ തിരിച്ച് പിടിക്കുന്നതിന് അലംഭാവം കാണിച്ച ഉദ്യോഗസ്ഥരായ ശ്രീ. കെ. രവി, ശ്രീ. ആർ. ശ്രീകുമാർ, ശ്രീ. എസ്. ഹരിദാസ്, ശ്രീ. പി. എ. അനുജൻ, ശ്രീ. പി. വി. മണിയപ്പൻ, ശ്രീ. ഡേവിഡ് പി. ജോൺ, ശ്രീ. കെ. ഗോപകുമാർ, ശ്രീ. ജോൺ കെ. തോമസ് എന്നിവർക്കെതിരെ 4-6-2012-ലെ ഡി5-7269/12 നമ്പരായി കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

അധികവിവരങ്ങൾ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട്

1.2.11 ശ്രീമതി മോളിപോൾ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)33455/2008-ാം നമ്പർ കേസിലെ സ്റ്റേ ഉത്തരവ് നിലനിൽക്കുകയാണ്. 17-4-2012-ലെ അപേക്ഷ പ്രകാരം സ്റ്റേ നീക്കികിട്ടിയിട്ടില്ല. കേസിൽ അന്തിമ വിധി പ്രസ്താവിച്ചിട്ടില്ല. ശ്രീ. പോൾ ജേക്കബിൽ നിന്നും തുക തിരിച്ച് പിടിക്കുന്നതിന് അലംഭാവം കാണിച്ച ഉദ്യോഗസ്ഥരായ ശ്രീ. കെ. രവി, ശ്രീ. ആർ. ശ്രീകുമാർ, ശ്രീ. പി. എ. അനുജൻ, ശ്രീ. പി. വി. മണിയപ്പൻ, ശ്രീ. കെ. ഗോപകുമാർ, ശ്രീ. ജോൺ കെ. തോമസ് എന്നിവർക്ക് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. (തുടർ നടപടികൾ സ്വീകരിക്കുന്നത് പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നായതിനാൽ മുഴുവൻ വിശദാംശങ്ങളും ലഭ്യമല്ല.) പ്രസ്തുത ഉദ്യോഗസ്ഥരിൽ ശ്രീ. കെ. രവിക്കെതിരെയുള്ള നടപടികൾ ടിയാനെതിരെ കർശനമായി താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. (പഞ്ചായത്ത് ഡയറക്ടറുടെ 13-8-2012-ലെ ഡി5-7269/12-ാം നമ്പർ ഉത്തരവ്) ശ്രീ. എസ്. ഹരിദാസിന് കുറച്ചു ദിവസത്തെ ചാർജ് മാത്രമേ ഉണ്ടായിരുന്നു എന്നുള്ളതിനാൽ മെമ്മോ കൊടുത്തിട്ടില്ല. ശ്രീ. ഡേവിഡ് പി. ജോണിന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആണ് കുറ്റാരോപണ മെമ്മോ കൊടുത്തിട്ടുള്ളത്.

തുടർ ശിപാർശ

1.2.12 **കോടതിയിൽ നിലവിലുള്ള കേസും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടിയും അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ശിപാർശ ഖണ്ഡിക നമ്പർ 99

1.3.1 99. നിർമ്മൽ 2000 എന്ന പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന കക്കൂസ് നിർമ്മാണത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ ഒന്നുംതന്നെ പാലിച്ചിട്ടില്ലെന്നും, ഇഷ്ടാനുസരണം തുക കൈമാറ്റം ചെയ്യുകവഴി അന്നത്തെ സെക്രട്ടറി ശ്രീ. ടി. എ. യോഹന്നാൻ ധനദുർവിനിയോഗം നടത്തിയിരിക്കുകയാണെന്നും ആയതിനാൽ ഇപ്രകാരം പദ്ധതി വിഹിതം ദുർവ്യയം ചെയ്ത സെക്രട്ടറിയിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1.3.2 ഓഡിറ്റ് തടസ്സത്തിനുത്തരവാദിയായ സെക്രട്ടറി 30-9-2000-ൽ സേവനത്തിൽ നിന്നും വിരമിച്ചു. ഗുണഭോക്താക്കളുടെ പേരുവിവരം വന്നിട്ട് സീൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അർഹതയുണ്ടായിരുന്നവരെതന്നെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നും ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാനായുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

1.3.3 പ്രസ്തുത മറുപടിയിന്മേൽ സമിതി താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി.

ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സർക്കാരിന്റെ സാധൂകരണം ലഭ്യമായോ ഇല്ലയോ എന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുക.

1.3.4 ആയതിന്മേൽ സർക്കാരിൽ നിന്ന് സമിതിക്ക് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

1.3.5 ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർ നടപടികൾ ഒഴിവാക്കണമെന്ന് ബഹു. നിയമസഭാ സമിതിയോട് അഭ്യർത്ഥിക്കുവാൻ ഞീഴൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിരുന്നു. [7-7-2006-ലെ 2(1)-ാം നമ്പർ തീരുമാനം] ഇതു സംബന്ധിച്ച മറുപടി, കമ്മിറ്റി തീരുമാനം എന്നിവ അനന്തര നടപടികൾക്കായി 25-2-2009-ലെ എ 2/843/06 നമ്പർ കത്ത് മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും 30-11-2005-ലെ എ 2/843/06 നമ്പർ കത്ത് മുഖേന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിരുന്നു. കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിനു സമർപ്പിച്ചിട്ടുള്ളതായി തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും 23-ാമത് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദീകരണ പത്രികയിൽ പരാമർശിച്ചിരുന്നു. എന്നാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി കൊണ്ടുള്ള സർക്കാർ സാധൂകരണം നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

തുടർ ശിപാർശ

**1.3.6 പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ സാധൂകരണം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ശിപാർശ ഖണ്ഡിക നമ്പർ 119

1.4.1 ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന തുക അതത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച് നിലവിലുള്ള ഒ.പി.യിൽ എന്തു തീരുമാനം സ്വീകരിച്ചുവെന്ന് അടിയന്തരമായി അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

1.4.2 58,645 രൂപയുടെ ധനാപഹരണം നടത്തിയ പ്യൂൺ ശ്രീ. കെ. എം. തോമസിനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി. കൂടാതെ സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന ഹെഡ് ക്ലാർക്കിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ടി തുക തടഞ്ഞുവച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നിലവിലുള്ള വിജിലൻസ് കേസ് ഇപ്പോഴും അന്വേഷണാവസ്ഥയിലാണെന്നുള്ള വിവരം സമർപ്പിക്കുന്നു.

1.4.3 പ്രസ്തുത മറുപടിയിന്മേൽ സമിതി താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി.

വിജിലൻസ് കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുക.

വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1.4.4 ശ്രീ. കെ. എം. തോമസിനെതിരെ വിജിലൻസ് കോടതിയിൽ വിസി9/03 നമ്പരായി കേസ് നിലനിൽക്കുന്നതും സി.സി10/2008 നമ്പരായി വിജിലൻസ് കോടതിയിൽ വിചാരണ നടന്നുവരികയുമാണ്.

തുടർ ശിപാർശ

**1.4.5 വിജിലൻസ് കോടതിയിലെ കേസിന്റെ നിലവിലെ സ്ഥിതി, കേസ് തീർപ്പാക്കാൻ വകുപ്പ് സ്വീകരിച്ച നടപടി, കേസ് തീർപ്പായിട്ടുണ്ടെങ്കിൽ കോടതി വിധിപ്രകാരം സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം II

## സർക്കാരിന്റെ/ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്കുള്ള മറുപടികളും

ശിപാർശ ഖണ്ഡിക നമ്പർ 8

2.1.1 ഓഡിറ്റ് സമയത്ത് ഹാജരാക്കാതിരുന്ന വിശദാംശങ്ങളും രേഖകളും പുനഃപരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായെന്നും എല്ലാ ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രസീത് ലഭ്യമായിട്ടുണ്ടെന്നും, അടങ്കലിനേക്കാൾ 1,500 രൂപ അധികം ചെലവഴിച്ചതിന് പഞ്ചായത്ത് കമ്മിറ്റി 12-4-1999-ലെ 4(ഡി) പ്രകാരം സാധൂകരണം നൽകിയിട്ടുണ്ടെന്നുമുള്ള ലോക്കൽ ഫണ്ട് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1,36,500 രൂപയുടെ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.1.2 ഓഡിറ്റ് തടസ്സം ഒഴിവാക്കുവാനായി സമിതി നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല എന്ന വിവരം സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.1.3 പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ശിപാർശ ഖണ്ഡിക നമ്പർ 12, 13, 14

2.2.1 ചുമത്തിയ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുകയോ ഡിമാന്റ് ചെയ്ത തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയോ ചെയ്തിട്ടില്ലെന്നുള്ളത് ഉദ്യോഗസ്ഥതലത്തിൽ ഉണ്ടായ വ്യക്തമായ ക്രമക്കേട് തന്നെയാണ്.

2.2.2 ഓഡിറ്റ് പരിശോധനാവേളയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ, സമിതി പരിശോധനാവിധേയമാക്കിയപ്പോൾ മാത്രമാണ് രസീതുകളും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് കൈമാറിയത്. ഇതിൽ നിന്നും ഭരണ സംവിധാനത്തിലെ കെടുകാര്യസ്ഥതയും അലംഭാവവുമാണ് വെളിപ്പെടുന്നതെന്നും ഇപ്രകാരമുള്ള പാളിച്ചകൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ ഉചിത നടപടി കൈക്കൊള്ളണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

2.2.3 നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ യഥാസമയം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തര ശ്രദ്ധ പതിപ്പിക്കണമെന്നും അസ്സസ് ചെയ്ത നികുതിയെക്കാളും കുറഞ്ഞ തുകകൾ മാത്രം പിരിച്ചതുവഴി പഞ്ചായത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടം ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ഡയറക്ടറുടെ പുനഃപരിശോധനാറിപ്പോർട്ട് പ്രകാരം തടസ്സം ഒഴിവാക്കാമെന്ന് നിർദ്ദേശിച്ചിട്ടുള്ള ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാനും സമിതി ശിപാർശ ചെയ്യുന്നു.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

2.2.4 12, 13—ഓഡിറ്റ് പരിശോധനാവേളയിൽ ഓഡിറ്റർമാർ ആവശ്യപ്പെടുന്ന രേഖകൾ യഥാസമയം നൽകുവാൻ ഈ ഓഫീസിൽ നിന്നുള്ള 18-12-2007-ലെ എച്ച്1/13880/2006 നമ്പർ സർക്കുലർ പ്രകാരം എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സമിതി നിർദ്ദേശം പാലിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ട്.

2.2.5 14—പരാമർശം ഒഴിവാക്കിയിട്ടുള്ളതിനാൽ തുടർനടപടികൾ അവശേഷിക്കുന്നില്ല.

## <u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി</u>

2.2.6 12, 13—ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശാനുസരണം IX-239 എ, 1-64, IV-339 എന്നീ കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി തീരുമാനിച്ചിട്ടുള്ളതായി എം.3/888/08 തീയതി 24-7-2008 നമ്പർ കത്തിലൂടെ യഥാക്രമം കെട്ടിട ഉടമകളായ ആഗസ്തി ജോസഫ് താമച്ചനാട്ട്, ജോസഫ് വർക്കി, പടന്നമാക്കൻ, എൻ. ബാലകൃഷ്ണൻ നായർ, പല്ലനയിൽ എന്നിവരെ അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

2.2.7 14. ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

## <u>ശിപാർശ ഖണ്ഡിക നമ്പർ 19</u>

2.3.1 സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശം പുനഃപരിശോധിച്ചതിൽ നിന്നും 9-1-2001-ൽ തന്നെ വേല പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുണ്ടെന്നും, ധനനഷ്ടം ഉണ്ടായിട്ടില്ലെന്നും ബോധ്യപ്പെട്ടതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.2 ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി</u>

2.3.3 ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

<u>ശിപാർശ ഖണ്ഡിക നമ്പർ 36</u>

2.4.1 ഓഡിറ്റ് റിപ്പോർട്ട് വന്ന അവസരത്തിൽ തന്നെ ഗൗരവമായി തുടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഗവണ്മെന്റിൽ നിന്നുള്ള ഉത്തരവ് വാങ്ങുന്നതിന് കഴിയുമായിരുന്നു. എട്ടുവർഷത്തെ കാലാവധി ലഭിച്ചിട്ടും അതിനു കഴിഞ്ഞില്ല. പഞ്ചായത്ത് തീരുമാനമനുസരിച്ച് അടിയന്തരമായി ഗവണ്മെന്റിൽ നിന്നും സാധൂകരണം വാങ്ങി പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.2 തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പിന്റെ 25-2-2008-ലെ ജി.ഒ.(ആർറ്റി.) 564/2008/ തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കി സാധൂകരണം നൽകിയിട്ടുണ്ട്. ആയതിനാൽ തുടർനടപടി അവശേഷിക്കുന്നില്ല.

<u>ശിപാർശ ഖണ്ഡിക നമ്പർ 44</u>

2.5.1 വീട് നിർമ്മിക്കുന്നതിനുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് യാതൊരു മാനദണ്ഡങ്ങളും നിശ്ചയിക്കാതിരുന്നതു കാരണം അർഹരായ ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ അവസരം നിഷേധിച്ചതായും അനർഹരായ പലർക്കും പ്രയോജനം ലഭിച്ചതായും സമിതി കണ്ടെത്തി. ഭവന നിർമ്മാണത്തിനുവേണ്ടി ധനസഹായം നൽകുമ്പോൾ പഞ്ചായത്ത് യാതൊരുവിധത്തിലുമുള്ള വ്യവസ്ഥയോ, മാനദണ്ഡങ്ങളോ പാലിച്ചിട്ടില്ലെന്നുള്ളതും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള വീഴ്ചയാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് തുക തിരിച്ചുപിടിച്ച് പഞ്ചായത്തു ഫണ്ടിൽ അടയ്ക്കുന്നതിനും ഭവന നിർമ്മാണ സഹായത്തിനുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചുകൊണ്ടാണ് സഹായം നൽകുന്നതെന്നും ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളുൾക്കൊള്ളുന്ന റിപ്പോർട്ട് അടിയന്തരമായി നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.2 ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് ഭവന നിർമ്മാണത്തിന് ചെലവ് ചെയ്തതിൽ തടസ്സപ്പെടുത്തിയിരുന്ന 14,357 രൂപയ്ക്ക് സാധൂകരണം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിനു നൽകുകയും 19-10-2007-ലെ 220/07/തസ്വഭവ.-ാം നമ്പർ

ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങളുടെ പരിധിയിൽപ്പെടാതിരുന്നതും ഗുണഭോക്തൃ ലിസ്റ്റിലുണ്ടായിരുന്നതുമായ ശ്രീ. പി. കെ. സുകുമാരന് വീട് നിർമ്മിച്ച് നൽകിയ വകയിൽ ചെലവായതും തിരികെ ഈടാക്കാൻ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചതുമായ 21,985 രൂപ ഗ്രാമപഞ്ചായത്തിൽ 7-6-2005-ലെ 44604/23 നമ്പർ രസീതു പ്രകാരം 5,000 രൂപയും 16-6-2005-ലെ 446024/82 നമ്പർ രസീതു പ്രകാരം 2,000 രൂപയും 13-1-2006-ലെ 40953/47 നമ്പർ രസീതു പ്രകാരം 14,985 രൂപയും ഒടുക്കവരുത്തിയിട്ടുണ്ട്.

ശിപാർശ ഖണ്ഡിക നമ്പർ 53

2.6.1 ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പുനഃപരിശോധനയിൽ ഇതു സംബന്ധിച്ച രേഖകൾ കണ്ട് ബോദ്ധ്യപ്പെടുകയും പണി പൂർത്തീകരിച്ചതായും അറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.6.2 പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ച സാഹചര്യത്തിൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.6.3 ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

ശിപാർശ ഖണ്ഡിക നമ്പർ 62, 63

2.7.1 62. കളത്തിക്കണ്ടം മിനി വാട്ടർ സപ്ലൈ സ്കീമിനായി 2,51,776 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് സമയത്തോ തുടർന്നോ പ്രവൃത്തി സംബന്ധിച്ച യാതൊരു രേഖകളും ഹാജരാക്കാതിരുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ അലംഭാവമാണ് പ്രകടമാക്കുന്നത്. ഭാവിയിൽ ഇപ്രകാരമുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ വകുപ്പുതല നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.7.2. 63. ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക അടിയന്തരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വടക്കുഭാഗം ജലസേചന പദ്ധതി പ്രവൃത്തിക്കായി 2,52,686 രൂപ ചെലവഴിച്ചിട്ടും ലക്ഷ്യമിട്ട യാതൊരു നേട്ടവും കൈവരിക്കാൻ കഴിയാതിരുന്നത് സമിതി ഗൗരവത്തോടെയാണ് കാണുന്നത്. 2,52,686 രൂപയുടെ പദ്ധതിക്കുവേണ്ടി കൺവീനർക്ക് 1,44,189 രൂപ നൽകിയിട്ടുണ്ട് എന്ന കാര്യവും പ്രത്യേകം പരിശോധന അർഹിക്കുന്നതാണ്.

സർക്കാർ സ്വീകരിച്ച നടപടി

2.7.3. 62-ഓഡിറ്റ് സമയത്ത് എല്ലാ രേഖകളും ഹാജരാക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് ഈ ഓഫീസിൽനിന്നുള്ള 18-1-2007-ലെ എച്ച്1/13880/2006 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

2.7.4. 63-ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും തിരികെ ലഭിക്കാനുണ്ടായിരുന്ന 28,036 രൂപ ഗ്രാമപഞ്ചായത്തിൽ 13-9-2005-ലെ 26019/7 നമ്പർ രസീതു പ്രകാരം ഒടുക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.7.5 കളത്തിക്കണ്ടം മിനി വാട്ടർ സപ്ലൈ സ്കീമുമായി ബന്ധപ്പെട്ട രേഖകളും ഫയലുകളും പരിശോധനയിൽ ഹാജരാക്കി. എം.ബുക്ക് പരിശോധിച്ചതിൽ വേലമൂല്യം 402852 (നികുതി ഉൾപ്പെടെ) കണക്കാക്കി. പദ്ധതി വിഹിതമായി വകയിരുത്തിയിരുന്ന 3,90,000 രൂപയിൽ പരിമിതപ്പെടുത്തി ഫൈനൽ ബിൽ സെറ്റിൽ ചെയ്തിട്ടുണ്ട്. പ്രസ്തുത വാട്ടർ സപ്ലൈ സ്കീം യാഥാർത്ഥ്യമായതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്. ബോർവെൽ സ്കീം വടക്കുംഭാഗം വാട്ടർ സപ്ലൈ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി. ടി പദ്ധതികളിൽ തിരികെ പഞ്ചായത്തിന് ലഭിക്കാനുണ്ടായിരുന്ന 28,036 രൂപ രസീത് നമ്പർ 7/26010/13-9-05 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വടക്കുംഭാഗം പദ്ധതിക്കായി 2,52,686 രൂപ ചെലവഴിച്ചിട്ടും പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ മേലുകാവ്, തൊടുപുഴ റോഡിൽ വടക്കുംഭാഗം എന്ന സ്ഥലത്ത് ഹാൻഡ് പൈപ്പ് ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന ഒരു കുഴൽക്കിണർ മാത്രമാണ് യാഥാർത്ഥ്യമായിട്ടുള്ളത്.

ശിപാർശ ഖണ്ഡിക നമ്പർ 66, 67

2.8.1 66-ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ ഡെപ്യൂട്ടി ഡയറക്ടർക്ക് (ലോക്കൽ ഫണ്ട്) പുനഃപരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചിരുന്നു.

2.8.2 67-ഓഡിറ്റ് തടസ്സത്തിന്മേലുള്ള തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള (ലോക്കൽ ഫണ്ട് ഓഡിറ്റ്) വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.8.3 66, 67-ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ ലോക്കൽ ഫണ്ട് വകുപ്പിനു നൽകുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല എന്ന വിവരം സമർപ്പിക്കുകയും ചെയ്യുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.8.4 ഓഡിറ്റ് തടസ്സം ഒഴിവാക്കി.

ശിപാർശ ഖണ്ഡിക നമ്പർ 72

2.9.1 പഞ്ചായത്തിൽ പിരിവിനത്തിൽ വരുന്ന തുകകൾ യഥാസമയം ഫണ്ടിൽ അടയ്ക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ഒരു ഇന്റേണൽ കൺട്രോൾ സംവിധാനത്തിന്റെ ആവശ്യകത ഉള്ളതായി സമിതി വിലയിരുത്തുന്നു. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ

അലംഭാവംമൂലമാണ് ഇത്തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾ ആവർത്തിക്കുന്നതെന്ന തിനാൽ ധനാപഹരണം നടത്തിയ ഉദ്യോഗസ്ഥനെതിരെ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതോടൊപ്പം മേലുദ്യോഗസ്ഥനെതിരെയും നടപടി അനിവാര്യമാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.9.2 ധനാപഹരണം നടത്തിയ ഉദ്യോഗസ്ഥനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയുകയും ചെയ്തിട്ടുണ്ട്. അപഹരണം നടത്തിയ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട് എന്ന വിവരം സമർപ്പിക്കുന്നു. കൂടാതെ, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വിജിലൻസ് സെല്ലുകൾ രൂപീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായ വിവരവും സമർപ്പിക്കുന്നു.

ശിപാർശ ഖണ്ഡിക നമ്പർ 78

2.10.1 സർക്കുലർ പ്രകാരം പി.ഡബ്ല്യു.ഡി. റേറ്റിനോടൊപ്പം പരമാവധി 50% വരെ അധിക നിരക്ക് നിശ്ചയിക്കാവുന്നതാണെങ്കിലും എല്ലാ പ്രവർത്തികൾക്കും പരമാവധി അധിക നിരക്ക് തന്നെ നൽകുന്നതിന് വ്യവസ്ഥയില്ല. സർക്കുലറിലെ നിർദ്ദേശങ്ങളോ, സാങ്കേതികാനുമതിയോ പരിഗണിക്കാതെ ഗണ്യമായ തുകയുടെ അധിക ചെലവ് വരുത്തിയതിനുള്ള മതിയായ രേഖകളും ലഭ്യമല്ല. ഇപ്രകാരം ചട്ടവിരുദ്ധമായി ചെലവ് ചെയ്ത 1,12,368 രൂപയുടെ അധിക സാമ്പത്തിക ബാദ്ധ്യത വരുത്തിയതിനുത്തരവാദിയായ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ അടിയന്തരനടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.10.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 21-12-2006-ലെ എൽ.എഫ്.13720/ സ്പെ.സെൽ(ജി2)/2006 നമ്പർ കത്ത് പ്രകാരം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്ന താണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

ശിപാർശ ഖണ്ഡിക നമ്പർ 80

2.11.1 അയർക്കുന്നം ഗ്രാമപഞ്ചായത്തിനെ സംബന്ധിക്കുന്ന വാരിക്കാട്ടുകളം ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് സമയോചിതമായി മറുപടി നൽകാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. പ്രസ്തുത ഫയലുകൾ പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ടതിനാൽ മേൽപരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.11.2 ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചിട്ടുള്ളതിനാൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി

2.11.3 ഓഡിറ്റ് തടസ്സം ഒഴിവാക്കി.

ശിപാർശ ഖണ്ഡിക നമ്പർ 85

2.12.1 പഞ്ചായത്തുഫണ്ടിന്റെ ദുരുപയോഗം വെളിവാക്കുന്ന ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി ഉഷാദേവിക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളണമെന്നും പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് റിക്കവറി നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.12.2 പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം പലിശയടക്കം ഈടാക്കുന്നതിനും ആർ.ആർ. നോട്ടീസ് നൽകുകയും ശ്രീമതി ഉഷാദേവിക്കെതിരെ വകുപ്പുതല നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2.12.3 പ്രസ്തുത മറുപടിയിന്മേൽ സമിതി താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി:

ശ്രീമതി ഉഷാദേവിയിൽ നിന്നും ഈടാക്കാനുള്ള ബാക്കി തുക അടിയന്തരമായി ഈടാക്കി റിപ്പോർട്ട് ലഭ്യമാക്കുക.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങൾ ചുവടെ ചേർക്കുന്നു:

2.12.4 ശ്രീമതി ഉഷാദേവിയിൽ നിന്നും ഈടാക്കാനുള്ള തുക 18% പിഴപ്പലിശ സഹിതം രണ്ട് ഗഡുക്കളായി റിക്കവറി നടത്തിയിട്ടുണ്ട്. 1-1-2010-ൽ 76/49690 നമ്പർ രസീത് പ്രകാരം 3,605 രൂപയും 21-2-2011-ലെ 64/44508 നമ്പർ രസീത് പ്രകാരം 3,605 രൂപയും ഉൾപ്പെടെ ആകെ 7,210 രൂപ ഈടാക്കിയിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

2.12.5 ശ്രീമതി ഉഷാദേവിയിൽ നിന്നും ഈടാക്കാനുള്ള തുകയുടെ ആദ്യഗഡു 11-1-2010-ലെ 76/49690 നമ്പർ രസീത് പ്രകാരം റിക്കവറി തുക (3,500 രൂപ പിഴ 105 രൂപ) 3,605 രൂപ ഈടാക്കിയിട്ടുണ്ട്. കൂടാതെ രണ്ടാമത്തെ ഗഡു 3,605 രൂപ 21-2-2011-ലെ 64/44508 നമ്പർ രസീത് പ്രകാരവും ഈടാക്കിയിട്ടുണ്ട്. 85-ാം നമ്പർ ഖണ്ഡിക മുണ്ടക്കയം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചുള്ളതാണ്. ചിറക്കടവ് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു.

ശിപാർശ ഖണ്ഡിക നമ്പർ 86

2.13.1 ധനവിനിയോഗവുമായി ബന്ധപ്പെട്ട ലയബിലിറ്റി ഫിക്സ് ചെയ്യേണ്ടത് കൺവീനർമാരിൽ തന്നെയാണെന്നും, ആയതിനാൽ സെക്രട്ടറി മുൻകൈ എടുത്ത് റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും പുരോഗതി സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

2.13.2 എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി നടത്താതിരുന്ന കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ ആർ.ആർ.നോട്ടീസ് നൽകി ആരംഭിച്ചിട്ടുണ്ട്. റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2.13.3 പ്രസ്തുത മറുപടിയിന്മേൽ സമിതി താഴെപ്പറയുന്ന അധിക വിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി:

2, 4, 5, 11 എന്നീ വാർഡുകളിലെ അംഗനവാടികളുടെ എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാതിരുന്ന കൺവീനർമാരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തുകയും ആയത് സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്യുക. പ്രസ്തുത 8 അംഗൻവാടികളിൽ ഇപ്പോഴും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ഏതെല്ലാമെന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കുക.

### തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു :

2.13.4 2, 4, 5, 11 എന്നീ വാർഡുകളിലെ അംഗനവാടി കൺവീനർമാരിൽ നിന്നും തുക ഈടാക്കുന്നതിന് റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിയപ്പോൾ ടി കൺവീനർമാർ ജില്ലാ കളക്ടർക്കും ബഹു. നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിക്കും വീണ്ടും അപേക്ഷ സമർപ്പിക്കുകയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ 10-1-2011-ൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ കൺവീനർമാരെ നേരിട്ട് വിളിച്ച് വരുത്തി റിപ്പോർട്ട് ശേഖരിക്കുകയും പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വാല്യുവേഷൻ എടുത്ത് അവസാനിപ്പിക്കുന്നതിന് ബഹു. സർക്കാരിനോടും നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയോടും അഭ്യർത്ഥിച്ചുകൊണ്ട് 21-2-2011-ൽ തീരുമാനമെടുക്കുകയും വാല്യുവേഷൻ എടുത്തതീരുമാനം സഹിതം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മുഖേന അനന്തരനടപടികൾക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ 5-ാം വാർഡിന്റെ കൺവീനർ ബഹു. ഹൈക്കോടതിയിൽ ഡബ്ല്യു.പി.സി. നമ്പർ 1735/10/(എൻ) നമ്പരായി കേസ് ഫയൽ ചെയ്യുകയും വാല്യുവേഷൻ എടുത്ത് അവസാനിപ്പിക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത 8 അംഗൻവാടികൾ 4 എണ്ണം പണി പൂർത്തീകരിച്ച് അതിൽ പ്രവർത്തിച്ച് വരുന്നതും 4-ാം വാർഡിലെ അംഗൻവാടി മാത്രം വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതുമാണ്. 11-ാം വാർഡിലെ അംഗൻവാടി നിലവിൽ കോരുത്തോട് ഗ്രാമപഞ്ചായത്തിലാണ്.

### ശിപാർശ ഖണ്ഡിക നമ്പർ 90

2.14.1 ഇതുസംബന്ധിച്ച നിജസ്ഥിതി ബോദ്ധ്യമായതിനാലും സെക്രട്ടറി ജീവിച്ചിരിപ്പില്ലെന്ന സാഹചര്യത്തിലും ഈ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.14.2 ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചിരിക്കുന്നതിനാൽ തുടർനടപടികൾ അവശേഷിക്കുന്നില്ല എന്ന വിവരം സമർപ്പിക്കുന്നു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സ്വീകരിച്ച നടപടി</u>

2.14.3 ഓഡിറ്റ് തടസ്സം ഒഴിവാക്കി.

<u>ശിപാർശ ഖണ്ഡിക നമ്പർ 95</u>

2.15.1 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മേൽപരാമർശത്തിന്മേൽ കർശന നടപടി സ്വീകരിക്കണമെന്നും, ഓഡിറ്റ് പരാമർശത്തിന് യഥാസമയം മറുപടി നൽകാത്തത് ഗുരുതരമായ കൃത്യവിലോപമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. ശ്രീ. പീതാംബരനും, ശ്രീ. ലോറൻസ് ജോസഫും ചേർന്നാണ് ക്രമക്കേട് നടത്തിയിട്ടുള്ളത്. ഇവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് പണം ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശ്രീ. കെ. എസ്. പീതാംബരന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങളിൽ നിന്ന് ഈ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും അതിനായി ബന്ധപ്പെട്ട ഫയൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.15.2 ഉപയോഗിക്കാത്ത മണ്ണിന് വില നൽകിയതിന്റെ അടിസ്ഥാനത്തിൽ നഷ്ടം വന്നതായി കണ്ടെത്തിയ 10,450 രൂപ ശ്രീ. പീതാംബരനിൽ നിന്നും 27-11-2006-ലെ 31484/100 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

<u>ശിപാർശ ഖണ്ഡിക നമ്പർ 104</u>

2.16.1 വ്യക്തമായ മാനദണ്ഡങ്ങൾ പാലിക്കാതെ ചട്ടവിരുദ്ധമായി പണം നൽകിയതു വഴി ധനദുർവിനിയോഗം നടത്തിയിരിക്കുകയാണെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ കണ്ടെത്തി നടപടി സ്വീകരിച്ച് കാര്യക്ഷമവും, സത്യസന്ധവുമായ പ്രവർത്തനം ഉറപ്പു വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വകുപ്പുതല നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കാനും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.16.2 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് എന്ന വിവരം സമർപ്പിക്കുന്നു.

2.16.3 പ്രസ്തുത മറുപടിയിന്മേൽ സമിതി താഴെപ്പറയുന്ന അധികവിവരങ്ങൾ വകുപ്പിനോടാരായുകയുണ്ടായി:

ഗുണഭോക്താക്കളുടെ പേരുവിവരം വന്നിട്ട് സീൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും അർഹതയുള്ളവരെ തന്നെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്നും പഞ്ചായത്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനവും സർച്ചാർജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. യോഹന്നാൻ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കേസ് തീർപ്പാക്കുന്നത് വരെ തുടർനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ശ്രീ. യോഹന്നാന് എൻ.എൽ.സി. ലഭിക്കുന്നതിന് ജാമ്യം നിന്നവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പരസ്പരവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഏത് സാഹചര്യത്തിലാണ് പരസ്പരവിരുദ്ധമായ കമ്മിറ്റി തീരുമാനങ്ങൾ എടുത്തതെന്നും സർചാർജ് കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്നിവയുടെ വിശദവിവരം ലഭ്യമാക്കുക.

<u>വകുപ്പ് നൽകിയ അധിക വിവരം</u>

2.16.4 അർഹതയുള്ളവരെ തന്നെയാണ് ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തതെന്നും ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്ന 7-7-2006-ലെ 2(1)-ാം നമ്പർ തീരുമാനവും സർച്ചാർജ് നടപടിക്കെതിരെ ജില്ലാ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ കേസ് തീർപ്പാക്കുന്നത് വരെ തുടർനടപടികൾ നിർത്തി വയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള 16-10-2007-ലെ 5(2) നമ്പർ തീരുമാനവും മാത്രമേ പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടുള്ളൂ. ടിയാന് എൻ.എൽ.സി. ലഭിക്കുന്നതിന് ജാമ്യം നിന്നവരിൽനിന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ, പരസ്പര വിരുദ്ധമായ തീരുമാനങ്ങൾ പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ല എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർച്ചാർജ് കേസിൽ ജില്ലാ കോടതി ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് ഈ വിഷയം പുതുതായി പരിഗണിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും ഗ്രാമസഭകളുടെയും നിയമസഭാ സമിതിയുടെയും സാധൂകരണം ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിൻ പ്രകാരം ഗ്രാമസഭകളിൽ ടി വിഷയത്തിന് സാധൂകരണം നൽകി തീരുമാനമെടുത്തിട്ടുള്ളതായി സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ടി. എം. ഉലഹന്നാന്റെ ഹിയറിംഗിന് വിളിച്ചിട്ടുണ്ട്. ടി വിഷയത്തിൽ ലോക്കൽ ഫണ്ട് വിഭാഗത്തിൽ നിന്ന് അന്വേഷണ റിപ്പോർട്ട് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട്</u>

2.16.5 പരസ്പരവിരുദ്ധമായ തീരുമാനങ്ങൾ പഞ്ചായത്ത് കമ്മിറ്റി എടുത്തിട്ടില്ല. ഹെഡോഫീസിൽ നിന്നുള്ള സർചാർജ് നടപടി കോട്ടയം ജില്ലാ കോടതി റദ്ദ് ചെയ്തിട്ടുള്ളതാണ്. കുറ്റാരോപിതനായ ശ്രീ. ടി. എം. ഉലഹന്നാനെ നേരിൽ കേട്ട് വിഷയം പുനഃപരിശോധിക്കുന്നതിനും കോടതി ഉത്തരവായി. ആയതിൻപ്രകാരം ഹെഡോഫീസിൽ വെച്ച് ടിയാന്റെ വിശദീകരണം നേരിൽ കേൾക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ

തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തു. (നമ്പർ എൽ.എഫ്. കെ.ഇ 3/528/07 തീയതി 14-5-2009) ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ് മിനിറ്റ്സിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വരുത്തിയ പിഴവിന് മാപ്പുനൽകണമെന്നും തുടർനടപടികൾ ഒഴിവാക്കണമെന്നും, ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട് [തീരുമാനം നമ്പർ 3(1) തീയതി 7-7-2006].

### ശിപാർശ ഖണ്ഡിക നമ്പർ 111

2.17.1 നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദിത്വത്തോടും കാര്യക്ഷമതയോടും കൂടി പ്രവർത്തിക്കണമെന്നും മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ പുനഃപരിശോധനാ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.17.2 നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദിത്വത്തോടും കാര്യക്ഷമതയോടും കൂടി പ്രവർത്തിക്കുന്നതിനും, മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### ശിപാർശ ഖണ്ഡിക നമ്പർ 115, 116

2.18.1 സമിതി നിർദ്ദേശപ്രകാരം ബന്ധപ്പെട്ട വിഷയം പുനഃപരിശോധന നടത്തിയതിൽ, 1998-99-ൽ ആരംഭിച്ച പ്രോജക്റ്റായതിനാലും ഒരേ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ ആയതിനാലുമാണ് കക്കൂസ് നിർമ്മാണത്തിനുള്ള നിരക്കായ 2,500 രൂപ 1999-2000-ലും തുടർന്ന് നൽകിയതെന്നും നിർമ്മാണം 31-3-1999-ൽ തന്നെ പൂർത്തീകരിച്ചതായും ബോധ്യപ്പെടുകയുണ്ടായി.

2.18.2 പ്രസ്തുത ആനുകൂല്യം കൈപ്പറ്റിയവർ 500 രൂപ വീതം തിരിച്ചടയ്ക്കാൻ കഴിവില്ലാത്തവരാണെന്ന് പഞ്ചായത്തിൽ നിന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.18.3 ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവശേഷിക്കുന്നില്ല എന്ന വിവരം സമർപ്പിക്കുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂൺ 8.

## അനുബന്ധം

# പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1.1.8 | തദ്ദേശസ്വയംഭരണം | ഹൈക്കോടതിയിൽ നിലവിലുള്ള കേസ് എത്രയും വേഗം തീർപ്പാക്കുന്നതിനും കോടതി വിധിപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 1.2.12 | ,, | കോടതിയിൽ നിലവിലുള്ള കേസും ഉത്തരവാദി കളായ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടിയും അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.6 | ,, | പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ സാധൂകരണം നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്ത് അറിയിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 1.4.5 | ,, | വിജിലൻസ് കോടതിയിലെ കേസിന്റെ നിലവിലെ സ്ഥിതി, കേസ് തീർപ്പാക്കാൻ വകുപ്പ് സ്വീകരിച്ച നടപടി, കേസ് തീർപ്പായിട്ടുണ്ടെങ്കിൽ കോടതി വിധിപ്രകാരം സ്വീകരിച്ച നടപടി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |